# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യ നമ്പർ - 2290 | 12.03.2020 ലെ മറുപടിയ്ക്ക് |
|---|---|
| അംബേദ്കർ ഗ്രാമം പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ. എൻ. ഷംസീർ | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നാക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പുമന്ത്രി) |
| പട്ടികജാതി വികസന വകുപ്പിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2019-20 സാമ്പത്തികവർഷം ഇതുവരെ നടപ്പാക്കിയിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ പട്ടികജാതി കോളനികളെയാണ് 2019-20 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.<br>200 കോളനികളെ പദ്ധതിയിലുൾപ്പെടുത്താൻ ലക്ഷ്യമിടുന്നു. നിലവിൽ 86 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ 50 ലക്ഷം രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു; 20% തുക ആദ്യഗഡുവായി അനുവദിക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ